**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 759** **06-10-2021 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി വീടില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത എത്ര പട്ടിക ജാതി കുടുംബങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂമിയില്ലാത്ത ഭവന രഹിതരുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2021 ആഗസ്റ്റ് 28 ന് കേരള ദളിത് ഫെഡറേഷൻ സംഘടിപ്പിച്ച അയ്യങ്കാളി ജയന്തി സമ്മേളനത്തിൽ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും അഞ്ചുവർഷത്തിനുള്ളിൽ വീട് ഉറപ്പുവരുത്തുമെന്ന് സർക്കാർ തീരുമാനമായി മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ; | (ബി) | സംസ്ഥാനത്ത് 5 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം അർഹരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലൈഫ് മിഷന്റെ നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയല്ലാത്ത ഭവനരഹിതർക്കും വീട് അനുവദിച്ചു വരുന്നുണ്ട്. ലൈഫ് മിഷൻ മുൻപ് തയ്യാറാക്കിയ ലിസ്റ്റിലും പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷന് കൈമാറിയ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെടാത്ത ഭവന നിർമ്മാണത്തിന് അർഹരായവരെ കണ്ടെത്തുന്നതിന് 2020-21 കാലയളവിൽ ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ചതിൽ 174827 പട്ടികജാതിക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ലൈഫ് മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | എങ്കിൽ ഇതിനനുസൃതമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് 5 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം അർഹരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലൈഫ് മിഷന്റെ നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയല്ലാത്ത ഭവനരഹിതർക്കും വീട് അനുവദിച്ചു വരുന്നുണ്ട്. ലൈഫ് മിഷൻ മുൻപ് തയ്യാറാക്കിയ ലിസ്റ്റിലും പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷന് കൈമാറിയ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെടാത്ത ഭവന നിർമ്മാണത്തിന് |

| | | | |
|---|---|---|---|
| | | | അർഹരായവരെ കണ്ടെത്തുന്നതിന് 2020-21 കാലയളവിൽ ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ചതിൽ 174827 പട്ടികജാതിക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ലൈഫ് മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | ഭൂരഹിത ഭവന രഹിതരുടെ എണ്ണം | ഭൂമിയുള്ള ഭവന രഹിതരുടെ എണ്ണം. |
|---|---|---|
| TVM | 11798 | 5364 |
| KLM | 9817 | 7089 |
| PTA | 2718 | 2774 |
| ALPY | 4034 | 3579 |
| KTM | 2703 | 2020 |
| IDKI | 8461 | 4420 |
| EKM | 5635 | 5110 |
| TSR | 10115 | 3857 |
| PLKD | 6482 | 5700 |
| MLPM | 7477 | 8274 |
| KKD | 3197 | 4078 |
| WYND | 905 | 1052 |
| KNR | 1916 | 2398 |
| KSRD | 1074 | 1587 |
| ആകെ | **76332** | **57302** |

സെക്ഷൻ ഓഫീസർ